(സി) സംസ്ഥാനത്ത് കൂടുതൽ ടെക്നോപാർക്കുകൾ ആരംഭിക്കുന്നത് വ്യാവസായിക വളർച്ചയ്ക്ക് സഹായകരമാകുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്തും ഇലക്ട്രോണിക് ഹാർഡ് വെയർ രംഗത്തുമാണ് മൂലധന നിക്ഷേപം ഉണ്ടായിട്ടുള്ളത്. വിദേശ മൂലധന നിക്ഷേപത്തോടെ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം സ്ഥാപിതമായിട്ടുള്ള വ്യവസായങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† കിൻഫ്രയുടെ കൊച്ചിയിലുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്ന കമ്പനിയും കേരള ഫൈബർ ടെക്സ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമാണ് മൂലധന നിക്ഷേപം നടത്തിയിട്ടുള്ളത്.

(ബി) ഉണ്ട്

(സി) തീർച്ചയായും സഹായകരമാവും

വ്യവസായ രംഗത്ത് പവർകട്ടുമൂലമുണ്ടായ നഷ്ടം

5 (565) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പവർകട്ടുമൂലം എത്ര കോടി രൂപയുടെ പ്രതിമാസ നഷ്ടം വ്യവസായ രംഗത്തുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലഘട്ടത്തിൽ പവർകട്ടുമൂലം വൻകിട വ്യവസായമേഖലയിൽ എത്ര കോടി രൂപയുടെ വാർഷിക നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ സമയത്തും വിവിധ അളവുകളിലായിരുന്നു പവർകട്ട് ഏർപ്പെടുത്തിയിരുന്നത്. പല വ്യവസായ ശാലകളും സ്വന്തമായി ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുള്ളതിനാലും അറ്റകുറ്റ പണികൾക്കായി പവർകട്ടു കാലഘട്ടം ഉപയോഗിച്ചിരുന്നതിനാലും നഷ്ടത്തിന്റെ തോത് കുറയ്ക്കുവാനായിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ കയറ്റുമതി സംസ്ക്കരണ മേഖല, ടെക്നോ പാർക്ക് തുടങ്ങിയ സ്ഥലങ്ങളിൽ പവർകട്ട് ബാധിച്ചിട്ടില്ല. (ഡി.ജി. സെറ്റു വാങ്ങുന്നതിന് 50% സബ്സിഡി നൽകിയിരുന്നു) എന്നാൽ 100% പവർകട്ടു മൂലമുണ്ടാകാവുന്ന ഉൽപാദന നഷ്ടം പ്രതിമാസം ഏതാണ്ട് 900 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) വൻകിട വ്യവസായ മേഖലയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

†അനുബന്ധം -V

LIBRARY ARCHIVES Kerala Legislative Assembly